# ‘അഴലുന്നതിനേക്കാൾ വിവാഹം ചെയ്യുന്നത് നല്ലത്’

**തോമസ് ഫിലിപ്പ്, പാറയ്ക്കമണ്ണിൽ റാന്നി**

**ദൈ**വം മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചിരിക്കുന്നത് സ്നേഹത്തിൽ സന്തോഷമായി ഒന്നിച്ച് ജീവിക്കുവാൻ വേണ്ടിയാകുന്നു. ദൈവത്തിന് നന്ദിയും മഹത്വവും കരേറ്റി ജീവിക്കുവാൻ വേണ്ടി കൂടിയാകുന്നു ലോകത്തിൽ ദൈവം മനുഷ്യർക്ക് ഇങ്ങനെ മനോഹരമായ ഒരു ജീവിതം നൽകി തന്നിരിക്കുന്നതെന്നുള്ള സത്യം നാം മറക്കരുത്. ഉദ്ദേശപൂർണ്ണമായ കാരണമൊന്നും കൂടാതെ ഭൂമിയിൽ യാദൃശ്ചികമായി ഉടലെടുത്തതാണ് മനുഷ്യജീവിതമെന്ന് പറയുന്നവർ ഇത് അംഗീകരിക്കയില്ലെന്നെനിക്കറിയാം. എന്നാൽ ദൈവീകമായ സത്യങ്ങൾക്കും അവന്റെ വാക്കുകൾക്കും നീതിനിയമങ്ങൾക്കും യാതൊരു മാറ്റവും ഉണ്ടാകയില്ല.

മനുഷ്യന്റെ ദുഷ്ടതയും ദുഷ്പ്രവർത്തികളും ക്രൂരതയും കൊലയും അഹങ്കാരവും അന്യായവും അനീതിയും വഷളത്തരങ്ങളും സ്ത്രീപീഢനങ്ങളും ആകാശത്തോളം ഉയർന്നിരിക്കുന്നു! അധർമ്മികളായ ആത്മീയനേതാക്കന്മാരും അറുവഷളന്മാരായ ‘ആൾദൈവങ്ങളും ജയിലിൽ അടയ്ക്കപ്പെടുന്ന സാത്താന്റെ’ സുപ്രസാദകാലം! പ്രവാചകസത്യം കൂടി നമുക്കൊന്ന് ശ്രദ്ധിയ്ക്കാം. ‘ഇടയന്മാർ മൃഗപ്രായരായ് തീർന്നു; യഹോവയെ അന്വേഷിക്കുന്നില്ല; അതുകൊണ്ട് അവർ കൃതാർത്ഥരായില്ല; അവരുടെ ആട്ടിൻകൂട്ടം ഒക്കെയും ചിതറിപ്പോയി’ (യിരെമ്യാവ് 10:21). ഇതും അക്ഷരംപ്രതി സംഭവിച്ചുകൊണ്ടിരിക്കുന്നു! അതെ, ഇടയന്മാർ മൃഗപ്രായരായിക്കൊണ്ടിരിക്കുന്നു.

ഞെട്ടിപ്പിക്കുന്ന വിധത്തിലുള്ള പത്രവാർത്തകളാകുന്നു ഓരോ ദിവസവും കേരളത്തിൽ നിന്നും നാം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നത്! എത്രയോ അധികം ശിശു ബാലികാബാല ബലാൽക്കാരങ്ങളും, സ്ത്രീപീഡനങ്ങളും, നീചവും ക്രൂരവുമായ കൊലപാതകങ്ങളുമാകുന്നു ദൈവത്തിന്റെ നാട്ടിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്? 10 ശതമാനം ബലാൽക്കാരങ്ങളും ലൈംഗീകപീഢനങ്ങളും അഭിമാനം ഓർത്തും ഭയന്നും പുറത്താരെയും അറിയിക്കാതെയും അനേകായിരം സ്ത്രീകൾ രക്ഷാമാർഗ്ഗമില്ലാതെ എല്ലാം സഹിച്ച് കേരളത്തിലെ നാലു ചുവരുകൾക്കുള്ളിലായി തകർന്ന് ജീവിക്കുന്നുണ്ട് എന്നുള്ളതാണ് സത്യം. ധാർമ്മികമായും ലൈംഗികമായ മ്ലേഛതകൾ കൊണ്ടും ലോകം ഇന്ന് അങ്ങേയറ്റം അധഃപതിച്ചുപോയിരിക്കുന്നു! വ്യഭിചാരികൾ പോലും നിരപരാധികളും ആരാധ്യന്മാരായും തീർന്നുകൊണ്ടിരിക്കുന്ന കാലം! ആർക്കും കുറ്റബോധവുമില്ല! ഓർക്കുക അഴലുന്നതിനേക്കാൾ  വിവാഹം ചെയ്യുന്നത് നല്ലത്.

ലോകത്തിലേക്കും അധികം സ്ത്രീ പീഢനങ്ങളും നിഷ്ഠൂരമായ വർഗ്ഗീയ കൊലപാതകങ്ങളും നിർബാധം നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലൊന്നായിത്തീർന്നിരിക്കുന്നു ധർമ്മരാജ്യമെന്ന് പുകൾപെറ്റ ഭാരതം ഇന്ന്! അതുപോലെ ക്രിസ്തീയ രാജ്യങ്ങളിലെ ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളെയും ഇന്ന് ക്രിസ്തുവിനെയും അവന്റെ ഉപദേശങ്ങളെയും ധാർമ്മികപ്രമാണങ്ങളെയും മാനിക്കാത്തവരായി ജീവിക്കുന്നു.

ആത്മശുദ്ധിയെ പ്രാപിക്കാതെ, മതഭക്തിയും കൂദാശകളും സഭാചാരങ്ങൾകൊണ്ടും ഒരു ഇടയനും, ബിഷപ്പിനും, പാസ്റ്റർക്കും, കുഞ്ഞാടിനും, വിശ്വാസിക്കുമൊന്നും ആത്മരക്ഷ പ്രാപിപ്പാൻ ഒരിക്കലും സാധ്യമല്ലെന്ന് അറിയേണ്ടകാലം അതിക്രമിച്ചു പോയിരിക്കുന്നു! ജഢരക്തങ്ങളോടുകൂടി, ജഢത്തിൽ ജീവിക്കുന്ന മനുഷ്യന് ലൈംഗികവിഷയത്തിൽ താൻ നീതിമാനും നിഷ്ക്കളങ്കനുമായിരിക്കുന്നു എന്ന് പറയുവാൻ എങ്ങനെ കഴിയും? ക്രിസ്തു പറഞ്ഞു 'സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോടു വ്യഭിചാരം ചെയ്തു പോയി' എന്ന്. എത്ര സത്യസുന്ദരവും ചിന്താബന്ധുരവുമായ വിധി! ഇന്നത്തെയും ആത്മീയനേതാക്കന്മാരധികവും 'വെള്ളതേച്ച ശവക്കല്ലറകൾ' ആകുന്നു!

ദൈവവിശ്വാസിയും ആത്മീയ ജീവിതം നയിക്കുന്നവനും വിവാഹം കഴിക്കരുതെന്ന് ബൈബിളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. ദൈവവും പറഞ്ഞിട്ടില്ല. ലൈംഗിക ചിന്തയും വികാരങ്ങളും, ലൈംഗികബന്ധങ്ങളും സ്നേഹവും വിവാഹവും അതിന്റെ സമസ്തസന്തോഷവും അനുഗ്രങ്ങളുമൊക്കെ ദൈവം മനുഷ്യന് നൽകിയ വിലയേറിയതും ആനന്ദസന്ദായകവുമായ ഒരു ദാനമാകുന്നു. ലൈംഗികതയും അതുസംബന്ധമായ പാപ ചിന്തകളും തനിക്കില്ലെന്ന് പറയുന്നവനും പറയുന്നവളും കള്ളനും കള്ളിയുമാകുന്നു. ലൈംഗികചിന്തയെ മുൻവാതിലിലൂടെ പുറത്താക്കിയാൽ അത് പുറംവാതിലിലൂടെ വേഗം അകത്തു കയറുമെന്ന് ലോകപ്രസിദ്ധനായ ഒരു മനഃശാസ്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട്.

ജീവിതിയാഥാർത്ഥ്യങ്ങളെ നിഷേധിച്ചുകൊണ്ട് ജഢപ്രിയരും സ്വാർത്ഥമോഹികളുമായി ദൈവത്തെയും മമ്മോനെയും ഒരുപോലെ സേവിച്ച് ജീവിക്കുന്ന കപടഭക്തന്മാരെക്കൊണ്ട് നിറഞ്ഞിരിക്കുകയാകുന്നു ലോകം ഇന്ന്. ഇക്കൂട്ടർ എല്ലാ മതത്തിലുമുണ്ട്. ക്രിസ്തു തന്റെ ഐഹിക ജീവിതത്തിൽ ഏറ്റവും ശക്തമായി അപലപിച്ചിട്ടുള്ളത് ആത്മീയ നേതാക്കന്മാരായും പള്ളിപ്രമാണിമാരായും ജീവിച്ച കപടഭക്തന്മാരെ തന്നെയാകുന്നു. വെള്ളതേച്ച ശവക്കല്ലറകളോടാണ് അവൻ ഇവരെ ഉപമിച്ചത്. ഇവർക്കു നേരെയാകുന്നു യെരുശലേം ദേവാലയത്തിൽ അവൻ ചാട്ടവാർ ഓങ്ങിയതും. ഈ കപടഭക്തന്മാർ തന്നെയാകുന്നു എക്കാലത്തും ക്രിസ്തുവിനെയും അവന്റെ പാവനമായ രക്ഷാമാർഗ്ഗത്തെയും മലീമസമാക്കിക്കൊണ്ടിരിക്കുന്നത്. ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞു 'ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ' എന്ന്. സ്വയത്തെയും പാപത്തെയും ഭൗതിക സുഖങ്ങളെയും ത്വജിച്ച് കഷ്ടതയുടെയും ത്യാഗത്തിന്റെയും വിനയത്തിന്റെയും വിശുദ്ധിയുടെയും സൗമ്യതയുടെയും സാക്ഷാൽ ക്രിസ്തുവിന്റെ ക്രൂശെടുത്ത് അവനെ അനുഗമിച്ച് അവനുവേണ്ടി നിഷ്ക്കാമസേവനം ചെയ്തു ജീവിക്കുന്ന ഒരു കൂട്ടമാളുകൾ എന്നും ലോകത്തിലുണ്ട്. അവർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിച്ചുകൊണ്ടിരിക്കും.

എന്താണ് യഥാർത്ഥ ദൈവഭക്തി? ബൈബിളിലൂടെ തന്നെ അതെങ്ങനെയുള്ളതാകുന്നു എന്ന് വ്യക്തമാക്കിക്കൊണ്ട് ഞാൻ ഈ കുറിപ്പ് ഇവിടെ ഉപസംഹരിച്ചുകൊള്ളട്ടെ. പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ? അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെ

ത്താൻ കാത്തുകൊള്ളുന്നതും ആകുന്നു (യാക്കോബ് 1 27). ഇതാകുന്നു ശുദ്ധവും നിർമ്മലവുമായുള്ള യഥാർത്ഥമായ ദൈവഭക്തി?

ആത്മീയ നേതാക്കന്മാർ സ്വാർത്ഥത, സ്വയംപ്രശംസ, ദ്രവ്യാഗ്രഹം, ജഢമോഹം മുതലായ പാപങ്ങളെ കീഴ്പ്പെടുത്തി ജീവിക്കേണ്ടവരാകുന്നു. ഇന്നത്തെ അധികം ആത്മീയനേതാക്കന്മാർക്കും ലോകത്തിലെ സ്വർഗ്ഗവും പരലോകത്തിലെ സ്വർഗ്ഗവും രണ്ടും വേണം. ഒന്നിനെയും ത്യജിക്കുവാൻ പറ്റുകയുമില്ല. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു 'നിങ്ങൾക്ക് ദൈവത്തെയും മമ്മോനെയും സേവിപ്പാൻ കഴികയില്ല' എന്ന് (മത്താ. 6:24)

കത്തോലിക്കാ സഭ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ദൈവവിരുദ്ധമായ ഏറ്റവും വലിയ അശുദ്ധി ലൈംഗികതയാകുന്നു. നൂറ്റാണ്ടുകളായി കത്തോലിക്കാ സഭ നിലനിർത്തിപ്പോരുന്ന നിർബന്ധിതമായ സന്യാസജീവിതത്തിന് (ബ്രഹ്മചര്യയ്ക്ക്) അഭിലഷണീയവും നിർദ്ദോഷകരവുമായ മാറ്റങ്ങൾ വരുത്തുവാൻ ഫ്രാൻസിസ് മാർ പാപ്പയെപ്പോലുള്ളവർ മുൻകൈ എടുത്ത് പ്രവർത്തിക്കുമെങ്കിൽ അശുദ്ധികളിൽ നിന്നും ദുർന്നടപ്പുകളിൽ നിന്നും കത്തോലിക്കാ സഭയെ ഉദ്ധരിച്ച് രക്ഷിക്കാം. 'എങ്കിലും ദുർന്നടപ്പു നിമിത്തം ഓരോരുത്തന് സ്വന്തഭാര്യയും ഓരോരുത്തിക്കും സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ' എന്നുള്ള ഈ ദൈവവചനത്തെ കത്തോലക്കാ സഭ മാനിക്കട്ടെ. വീണ്ടും അതിപ്രധാനമായ മറ്റൊരു ദൈവവചനം കൂടി ശ്രദ്ധിക്കുക. 'ജിതേന്ദ്രിയത്വമില്ലെങ്കിലോ അവർ വിവാഹം ചെയ്യട്ടെ. അഴലുന്നതിനേക്കാൾ വിവാഹം ചെയ്യുന്നത് നല്ലത്' (1 കൊരി. 7:9)

മനുഷ്യഹൃദയങ്ങളെയൊക്കെ ശോധന ചെയ്ത് ഓരോരുത്തരും ചെയ്തിട്ടുള്ള തിന്മകൾക്കും നന്മകൾക്കും പ്രതിഫലം നൽകിക്കൊണ്ടിരിക്കുന്ന നീതിമാനും സർവ്വശക്തനുമായ ദൈവത്തെ കളിപ്പിച്ച് വിജയിക്കാമെന്ന് മൗഢ്യമായി ആരും കരുതേണ്ട!